# Malayala Manorama
# 30 August 2018
# Thirssur; After Flood , School Reopening, Clothes





**കുഞ്ഞുടുപ്പിന്റെ പുഞ്ചിരി:** പ്രളയകാലത്തിനു ശേഷം സ്കൂൾ തുറന്നപ്പോൾ ചേർപ്പ് സിഎൻഎൻ എൽപി സ്കൂളിലെ ഒന്നാം ക്ലാസ്സുകാരി രഹ്നയെ പുത്തനുടുപ്പ് അണിയിക്കുന്ന വിദ്യാർഥികൾ. എട്ടുമുന അംബേദ്കർ കോളനിയിലെ വീടിന്റെ ചുമർ തകർന്ന് രഹ്നയുടെ ഉടുപ്പുകളും പാഠപുസ്തകങ്ങളുമെല്ലാം നശിച്ചിരുന്നു. പുത്തനുടുപ്പണിഞ്ഞ് മകൾ ആശ്ലേഷിക്കുമ്പോൾ ഭാവിയെക്കുറിച്ചുള്ള ആശങ്കയിൽ മനസ്സു വെന്തു നിൽക്കുകയാണ് അമ്മ ഷെമി. ചിത്രം: ഫഹദ് മുനീർ • മനോരമ

## അവരണിഞ്ഞു, കരുതലിന്റെ കുഞ്ഞുടുപ്പുകൾ

■ വിദ്യാർഥികളെ കടയിലെത്തിച്ച് പുത്തനുടുപ്പുകൾ വാങ്ങിനൽകി ചേർപ്പ് സ്കൂൾ

**സുബിൻ മാത്യു തോമസ്**

തൃശൂർ • പ്രളയം നനച്ച കണ്ണുകളിൽ നിറഞ്ഞു, നിറമുള്ള സ്വപ്നങ്ങൾ. വിടർന്ന മിഴികളോടെ അവർ ആ പലവർണക്കുപ്പായങ്ങളിലേക്കു നോക്കി. സ്കൂൾ യൂണിഫോമും കുട്ടിയുടുപ്പുകളും പ്രളയം കൊണ്ടുപോയ സങ്കടവുമായെത്തിയ കുരുന്നുകൾക്കു പുത്തനുടുപ്പുകൾ സമ്മാനിച്ചതു ചേർപ്പ് സിഎൻഎൻ ഗേൾസ് എൽപി സ്കൂൾ. കുട്ടികളുമായി വസ്ത്രവ്യാപാര കടയിലെത്തിയ അധ്യാപകർ കുട്ടികൾക്കിഷ്ടപ്പെട്ട ഉടുപ്പുകൾ വാങ്ങി നൽകുകയായിരുന്നു.

ഓണാവധിക്കുശേഷം സ്കൂളിലെത്തിയ പല വിദ്യാർഥികളും വസ്ത്രങ്ങളില്ലാത്തതിന്റെ പേരിൽ ഇനി വരാനാകില്ലെന്നു പറഞ്ഞപ്പോഴാണ് അധ്യാപകരുടെയും പിടിഎയുടെയും നേതൃത്വത്തിൽ സ്നേഹസമ്മാനം നൽകിയത്.

പ്രളയബാധിതരായി വീട് ഉൾപ്പെടെ നഷ്ടപ്പെട്ട, ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ അമ്പതോളം കുരുന്നുകൾക്ക് ഒരു ജോടി ഉടുപ്പുകൾ വീതം ലഭിച്ചു. മഴക്കെടുതിയിൽ നോട്ടുപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർഥികൾക്കായി കുറിപ്പുകൾ തയാറാക്കി നൽകാനും സ്കൂൾ അധികൃതർ തീരുമാനിച്ചിട്ടുണ്ട്.

**നേർക്കാഴ്ച**

ഇനിയും തുറക്കാതെ 420 സ്കൂളുകൾ